LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

82 (3817) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനമായോ ; ആയതിന്റെ മാനദണ്ഡം എന്താണ് ; ഏത്ര സ്കൂളുകൾക്കാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് പദവി നൽകുക ;

(ബി) സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളായി ഉയർത്തുക വഴി അവിടെ പഠിക്കുന്ന കുട്ടികൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഏതൊക്കെ സ്പെഷ്യൽ സ്കൂളുകളാണ് ആദ്യഘട്ടത്തിൽ എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്നത് എന്ന് പേരുസഹിതം വിശദീകരിക്കാമോ ?

ഉത്തരം

(എ) ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 10 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി)69/14/പൊ.വി.വ. തീയതി 28-4-2014 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി നൽകിയ ശുപാർശകൾ കണക്കിലെടുത്ത് ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 10 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് സ.ഉ.(എംഎസ്.) നമ്പർ 115/2015/പൊ.വി.വ. തീയതി 15-5-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാനദണ്ഡങ്ങൾ പ്രകാരം അർഹമായ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് പൂർത്തിയായിട്ടില്ല. രണ്ടാം ഘട്ടമായി മാനസിക വെല്ലുവിളികൾ നേരിടുന്ന 50 കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ട് സ.ഉ.(എംഎസ്) 116/15/പൊ.വി.വ. തീയതി 15-5-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കൃത്യമായ മാനദണ്ഡങ്ങളുടേയും വ്യവസ്ഥകളുടേയും അടിസ്ഥാനത്തിലാണ് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന സ്കൂളുകൾ അടിസ്ഥാനസൗകര്യം ഉൾപ്പെടെ 15-5-2015-ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതായതുകൊണ്ട് കുട്ടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

(സി) 15-5-2015-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എയ്ഡഡ് പദവി നൽകേണ്ട സ്കൂളുകളെ സംബന്ധിച്ച അന്തിമ ലിസ്റ്റ് പൂർത്തിയായിട്ടില്ല

അമ്പലപ്പുഴ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

83 (3818) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ പുതുതായി പ്ലസ് ടു ക്ലാസ്സുകൾ ആരംഭിച്ചു ; ഓരോ സ്കൂളുകളിലും ഏതൊക്കെ കോഴ്സുകൾക്കാണ് അനുമതി നൽകിയത് ;

(ബി) ഓരോ പ്ലസ് ടു സ്കൂളിലും അനുവദിച്ച സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ; ഓരോ സ്കൂളിലും നിലവിൽ എത്ര അദ്ധ്യാപകരെയും അനദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട് ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ കോഴ്സുകളും ബാച്ചുകളും ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) 2015-16 അദ്ധ്യയനവർഷം അമ്പലപ്പുഴ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരില്ലാത്ത തസ്തികകളിൽ താൽക്കാലിക അദ്ധ്യപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) നിശ്ചിത യോഗ്യതയുള്ള താൽക്കാലിക അദ്ധ്യാപകരെ കണ്ടെത്തി നിയമിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

സ്കൂളിന്റെ പേര്	കോഴ്സ് കോഡ് നമ്പർ	ബാച്ചുകളുടെ എണ്ണം
ഗവ.എച്ച്.എസ്., കക്കാഴം	1	1
	39	1
ഗവ.എച്ച്.എസ്., പറവൂർ	1	1
	39	1

LIBRARY ARCHIVES Kerala Legislative Assembly